വനിത ശിശു വികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: അനുപമ റ്റി.വി IAS )

വിഷയം: വനിത ശിശു വികസന വകുപ്പ് – മഹിള ശക്തി കേന്ദ്ര 2021-22 District Level Centre for Women – ജീവനക്കാർക്ക് 2021 ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസത്തെ വേതനം നൽകുന്നതിനുള്ള തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:
1. സ.ഉ (സാധാ) നം. 85/2019/സാനീവ തീയതി 12.02.2019.
2. സ.ഉ (സാധാ) നം. 793/2019/സാനീവ തീയതി 19.12.2019.
3. സ.ഉ (സാധാ) നം. 533/2019/സാനീവ തീയതി 07.10.2020.
4. ഈ കാര്യാലയത്തിലെ 30.11.2020, 05.03.2021 , 15.03.2021 ലെ ഇതേ നമ്പർ നടപടിക്രമങ്ങൾ.
5. 21.04.2021 തിയതിയിലെ G.O(Rt)No.3650/2021/Fin നമ്പർ ഉത്തരവ്

=====================================================================

ഉത്തരവ് നം. WEC-4/8180/19 തീയതി : 11.08.2021

=====================================================================

ഗ്രാമീണ വനിതകൾക്ക് തൊഴിൽ നൈപുണ്യ പരിശീലനം, സാങ്കേതിക പരിജ്ഞാനം, പോഷകാഹാര ആരോഗ്യ പദ്ധതി എന്നീ സേവനങ്ങൾ ഒരേ ഉറവിടത്തിൽ നിന്നും ലഭ്യമാക്കി വനിതകളെ ശാക്തികരിക്കുക എന്ന ഉദ്ദേശത്തോടെ നടപ്പിലാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയാണ് മഹിള ശക്തി കേന്ദ്ര (MSK) പദ്ധതി. ടി പരിപാടിയുടെ നടത്തിപ്പിനായി പരാമർശം (1), (2), (3) പ്രകാരം എല്ലാ ജില്ലകളിലും District Level Centre for Women ( DLCW) ആരംഭിക്കുന്നതിനു ഭരണാനുമതി ലഭ്യമായിട്ടുണ്ട്.

District Level Centre for Women (DLCW)യിലെ ജീവനക്കാർക്ക് ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസത്തെ വേതനം നൽകുന്നതിന് തുക അനുവദിക്കേണ്ടതുണ്ട്. ചുവടെ ചേർത്തിട്ടുള്ള പ്രകാരം തുക അനുവദിക്കാവുന്നതാണ്.

| ക്രമ. നം | തസ്തിക | പ്രതിമാസ വേതനം | | |
|---|---|---|---|---|
| | | കേന്ദ്ര വിഹിതം (60%) | സംസ്ഥാന വിഹിതം (40%) | ആകെ തുക |
| 1 | Women Welfare Officer | 21000 | 14000 | 35000 |
| 2 | District Co ordinator-1 | 12000 | 8000 | 20000 |
| 3 | District Co ordinator-2 | 12000 | 8000 | 20000 |
| ഒരു District Level Centre for Women ( DLCW) യിലെ ജീവനക്കാർക്ക് ഒരു മാസത്തെ വേതനം നൽകുന്നതിനാവശ്യമായ തുക. | | 45,000 | 30,000 | 75,000 |
| ഒരു District Level Centre for Women ( DLCW) യിലെ ജീവനക്കാർക്ക് മൂന്ന് മാസത്തെ വേതനം | | 1,35,000 | 90,000 | 2,25,000 |

| | | | |
|---|---|---|---|
| നൽകുന്നതിനാവശ്യമായ തുക . | | | |
| പതിനാല് ജില്ലകളിലെയും District Level Centre for Women ( DLCW) യിലെ ജീവനക്കാർക്ക് മൂന്ന് മാസത്തെ വേതനം നൽകുന്നതിനാവശ്യമായ തുക . | 18,90,000 | 12,60,000 | 31,50,000 |

ടി സാഹചര്യത്തിൽ District Level Centre for Women ( DLCW) യിലെ ജീവനക്കാർക്ക് 2021 ജൂലൈ, ഓഗസ്റ്റ്, സെപ്റ്റംബർ മാസത്തെ വേതനം നൽകുന്നതിന് ഒരു ജില്ലയ്ക്ക് 2,25,000/- രൂപ വിതം 14 ജില്ലകൾക്കുമായി ആകെ 31,50,000/- (2,25,000x14) രൂപ (മുപ്പത്തി ഒന്ന് ലക്ഷത്തി അൻപതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു. ടി തുകയിൽ കേന്ദ്ര വിഹിതം തുകയായ ആകെ 18,90,000/-രൂപ (പതിനെട്ട് ലക്ഷത്തി തൊണ്ണൂറ് ആയിരം രൂപ മാത്രം) നടപ്പ് സാമ്പത്തിക വർഷം 2235-02-103-54-01 (P) ശീർഷകത്തിൽ നിന്നും, സംസ്ഥാന വിഹിതം തുകയായ 12,60,000/- രൂപ( പന്ത്രണ്ട് ലക്ഷത്തി അറുപതിനായിരം രൂപ മാത്രം) 2235-02-103-54-02 (P) ശീർഷകത്തിൽ നിന്നും വിനിയോഗിക്കേണ്ടതാണ്.

(ഒപ്പ്)

വനിത ശിശു വികസന ഡയറക്ടർ

എല്ലാ ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്കും

പകർപ്പ്:

1.സൂപ്രണ്ട് എ സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിനായി)

2.സ്റ്റോക്ക് ഫയൽ/സ്പെയർ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്.